SAMAGRA PLUS

**പാദവാർഷിക മൂല്യനിർണയം - 2024**

**മലയാളം-കേരളപാഠാവലി**

**ക്ലാസ്-9**

**സമയം: 1 $^{1}/_{2}$ മണിക്കൂർ** **സ്കോർ : 40**

**നിർദ്ദേശങ്ങൾ**

- *ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.*
- *ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം ഉപയോഗിക്കേണ്ടതാണ്.*
- *ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.*
- *ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കിയ ശേഷം മാത്രം ഉത്തരം എഴുതുക.*
- *നിർദേശങ്ങൾക്കനുസരിച്ച് ഉത്തരം എഴുതുക.*
- *ഉത്തരം എഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.*

***ഒന്നു മുതൽ അഞ്ചു വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക*** **1x4=4**

1. "അത് കഴിയുന്നില്ലല്ലോ"- എന്ന പ്രയോഗം നൽകുന്ന സൂചന എന്ത്?
   മറ്റുള്ളവരോടുള്ള ഇഷ്ടംകുറയുന്നില്ല
   തന്നോടുള്ള ഇഷ്ടം കുറയുന്നില്ല
   ആരോടും ഇഷ്ടം കൂടാൻ കഴിയുന്നില്ല
   പ്രപഞ്ചത്തോടുള്ള സ്നേഹം കുറയുന്നില്ല

2. അല്ലലാലങ്ങു ജാതി മറന്നിതോ?
   അടിവരയിട്ട പദം നൽകുന്ന അർത്ഥം?
   - തിരക്ക്
   - ദാഹം
   - ക്ഷീണം
   - ദുഃഖം

3. "വേണ്ട ഞാൻ പൊയ്ക്കോളാം. എനിക്കൊക്കെ മാറി" വൃദ്ധ ഡോക്ടറോട് ഇങ്ങനെ പറയുന്നതിന്റെ പൊരുൾ എന്ത്?
   - അസുഖം മാറിയതിനാൽ
   - ഒറ്റയ്ക്കാണെന്നറിയാതിരിക്കാൻ
   - സ്വന്തം വാഹനം ഉള്ളതിനാൽ
   - കയ്യിൽ പണം ഉള്ളതിനാൽ

4. "നീ പോയി ഒരു ബക്കറ്റ് വെള്ളം കൊണ്ടുവന്ന് അതിന്റെ കാതിൽ ഒഴിക്ക് "-ആന ഡോക്ടർ ഇങ്ങനെ പറയുന്നതിന്റെ ഉദ്ദേശ്യം എന്ത്?
   - മരുന്ന് വെച്ച് കെട്ടുന്നതിന്
   - ചെളി പറ്റിയത് വൃത്തിയാക്കാൻ

- കാത് നിലച്ചാൽ തലയ്ക്ക് ചൂട് കയറുന്നതിനാൽ
- ആനക്കുട്ടിയെ പെട്ടെന്ന് മയക്കി കിടത്തുന്നതിന്

5. " ഒട്ടുമാവുകളതു കേട്ടോ, തളിർ
 നാക്കു കടിച്ചേ നില്പായി!" - ഈ വരികളിൽ തെളിയുന്ന ഭാവം?

- സന്തോഷം
- കരുണ
- ദേഷ്യം
- ഭയം

***6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക*** **2x2=2**

6. കാളവണ്ടി യുഗത്തിൽ നിന്ന് സ്പുട്നിക് യുഗത്തിലേക്കുള്ള കുതിപ്പിനെയാണ് അത് ലക്ഷ്യമാക്കുന്നത് ? അടിവരയിട്ട പ്രയോഗങ്ങൾ നൽകുന്ന അർത്ഥസൂചനകൾ എന്തെല്ലാം?

7. "പാത്തുമ്മായുടെ ആട് ഒരു ചുമ്മാ കഥയല്ല " -ലേഖകന്റെ ഈ വിലയിരുത്തലിനുള്ള രണ്ട് കാരണങ്ങൾ എഴുതുക?

8. ദാഹാർത്തനായ ബുദ്ധഭിക്ഷുവിന് ദാഹനീർ നൽകാതിരിക്കുന്നതിന് മാതംഗി പറയുന്ന യുക്തികൾ എന്തെല്ലാം?

***9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക 5x4=20***

9. "വൃദ്ധ ചിതറിക്കിടക്കുന്ന വെണ്ടയ്ക്കകളുടെ ഇടയിൽ, ആ തെരുവിൽ ഒരു പൊളിഞ്ഞ പാവയെപ്പോലെ അങ്ങനെ കൊഴിഞ്ഞു കിടന്നു" ( അമ്മ)
'പൊളിഞ്ഞ പാവയെപ്പോലെ'- എന്ന വിശേഷണം നൽകുന്ന അർത്ഥസൂചനകൾ വിശദമാക്കുക.?

10. "എന്തിലുമേറെ കാമ്യം പണമേ
 തുച്ഛ;ന്നതു കൈ വന്നോട്ടെ!"- പുളിമാവ് വെട്ടി എന്ന കവിതയിലെ ഈ വരികളുടെ കാലിക പ്രസക്തി വ്യക്തമാക്കി നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക?

11. "കിളിക്കു വേണ്ടതു കിളിക്കുടെന്നു നാം
പറഞ്ഞു പറ്റിപ്പൂ കിളിയെ, നമ്മളെ!"
ജീവജാലങ്ങളോടുള്ള മനുഷ്യന്റെ മനോഭാവം വ്യക്തമാക്കാൻ ഈ വരികൾ എത്രമാത്രം പര്യാപ്തമാണ്? നിങ്ങളുടെ നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

12. "ഏറ്റവും ഇഷ്ടം?
 എന്നെത്തന്നെ"- കെ ജി ശങ്കരപ്പിള്ളയുടെ ഈ വരികളുടെ സമകാലിക പ്രസക്തി വിലയിരുത്തി പ്രതികരണക്കുറിപ്പ് തയ്യാറാക്കുക?

13." ഒരു മണിക്കൂർ കൊണ്ട് എഴുന്നേറ്റ് നടക്കും. കാലത്ത് മുതുമലയിലേക്ക് മടങ്ങും" -ആനക്കുട്ടി മുതുമലയിൽ നിന്ന് എത്താൻ ഇടയാക്കിയ സാഹചര്യം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

14. 'മനുഷ്യന്റെ ആർത്തിസംസ്കാരം ഈ ഭൂമിയെ ജീവിതവ്യമല്ലാതാക്കും.'- എന്ന തിരിച്ചറിവിലേക്ക് വൈലോപ്പിള്ളിയെ നയിച്ച സാഹചര്യം വ്യക്തമാക്കുക?

***15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക.*** **2x6=12**

15. "മതമേതായാലും മനുഷ്യൻ നന്നായാൽ മതി"- ശ്രീനാരായണഗുരു

"ജാതി ചോദിക്കുന്നില്ല ഞാൻ സഹോദരി
ചോദിക്കുന്നു നീർനാവ് വരണ്ടഹോ,"- കുമാരനാശാൻ

ശ്രീനാരായണഗുരുവും കുമാരനാശാനും മുന്നോട്ടുവയ്ക്കുന്ന ഈ ആശയങ്ങൾക്ക് ഇന്നും പ്രസക്തി ഉണ്ടോ? നിങ്ങളുടെ നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി 'മനുഷ്യന്റെ ജാതി മനുഷ്യത്വമാണ്' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക.

16.

- 'ചെറിയ കാര്യങ്ങളിലൂടെ വലിയ ലോകത്തിന്റെ വിസ്മയങ്ങളിലേക്ക് വായനക്കാരെ നയിക്കുന്ന തമാശക്കഥ.'
- 'വിരസമായി തീരാവുന്ന വസ്തുതകൾ പോലും ബഷീറിന്റെ അനുഗ്രഹീതമായ തൂലികയുടെ സ്പർശത്താൽ എങ്ങനെയോ രസപ്രദമായി തീരുന്നു.'

പാത്തുമ്മായുടെ ആട് എന്ന കൃതിയെ കുറിച്ചുള്ള പ്രൊഫ: എം കെ സാനുവിന്റെ അഭിപ്രായങ്ങളുടെ പൊരുൾ കണ്ടെത്തി ലഘു ഉപന്യാസം തയ്യാറാക്കുക.

17. "അദ്ദേഹം ആ കുട്ടിയാനയുടെ നെറ്റിയിലും ചെവിയിലും തട്ടി സാന്ത്വനപ്പെടുത്തി".
"ഈസി !ഈസി !എന്ന് ഡോക്ടർ പറഞ്ഞു. കൈ രണ്ടും മുന്നിൽ നീട്ടി അദ്ദേഹം അതിന്റെ അടുത്തേക്ക് നടന്നു."
(ആനഡോക്ടർ)

ഡോക്ടറുടെ സ്വഭാവസവിശേഷതകൾ ആണ് ഈ വാക്യങ്ങളിൽ തെളിയുന്നത്.
നോവൽ ഭാഗവും സംഭാഷണങ്ങളും വിശകലനം ചെയ്ത് ഡോക്ടർ. കെ .എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

............................................................

# പാദവാർഷിക മൂല്യനിർണയം 2024

## കേരളപാഠാവലി-മലയാളം

ക്ലാസ് 9-സ്കോർ 40 സമയം $1\frac{1}{2}$ മണിക്കൂർ

| ചോദ്യനമ്പർ | ഉത്തര സൂചിക | സ്കോർ | ആകെ |
|---|---|---|---|
| 1 | തന്നോടുള്ള ഇഷ്ടം കുറയുന്നില്ല | 1 | 1 |
| 2 | ദുഃഖം | 1 | 1 |
| 3 | ഒയ്യാണെന്നറിയാതിരിക്കാൻ | 1 | 1 |
| 4 | കാത് നിലച്ചാൽ തലക്ക് ചൂട് കയറുന്ന | 1 | 1 |
| 5 | ദേഷ്യം | 1 | 1 |
| 6 | പ്രാചീന കാലം ,മന്ദഗതിയിലുള്ള പുരോഗതി<br>ആധുനിക കാലം അതിവേഗ പുരോഗതി | 1<br>1 | 2 |
| 7 | കുടുംബത്തിലെ നിസ്സാര സംഭവങ്ങൾ നോവലായി മാറി<br>പ്രപഞ്ചദർശനമായി വളരുന്നു | 1<br>1 | 2 |
| 8 | താണ ജാതിയിൽ പിറന്നവൾ<br>ഉന്നതകുല ജാതിയിൽ പെട്ടവർക്ക് വെള്ളം നൽകുന്നത് പാപമാണ്<br>ഇത്തരം പ്രവർത്തി അക്കാലത്ത് കുറ്റമാണ് | 1<br>1 | 2 |
| 9 | കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്<br>വിശേഷണത്തിന്റെ അർത്ഥതലം കണ്ടെത്തിയിട്ടുണ്ട്<br>ഉചിത ഭാഷ | 1<br>2<br>1 | 4 |
| 10 | കവിതാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്<br>വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്<br>സമകാലിക പ്രസക്തി<br>ഉചിത ഭാഷ | 1<br>1<br>1<br>1 | 4 |
| 11 | വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്<br>നിരീക്ഷണം<br>ഉചിത ഭാഷ | 1<br>2<br>1 | 4 |

| | | | |
|---|---|---|---|
| 12 | വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്<br>നിരീക്ഷണം<br>ഉചിത ഭാഷ | 1<br>2<br>1 | 4 |
| 13 | പാഠസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്<br>വിശകലനം ചെയ്തിട്ടുണ്ട്<br>ഉചിത ഭാഷ | 1<br>2<br>1 | 4 |
| 14 | പാഠാശയം ഉൾക്കൊണ്ടിട്ടുണ്ട്<br>ചോദ്യം വിശകലനം ചെയ്തിട്ടുണ്ട്<br>ഉചിത ഭാഷ | 1<br>2<br>1 | 4 |
| 15 | ഉദ്ധരണികൾ വിശകലനം ചെയ്തിട്ടുണ്ട്<br>സമകാലിക പ്രാധാന്യം തിരിച്ചറിഞ്ഞിട്ടുണ്ട്<br>മുഖപ്രസംഗം ഘടന പാലിച്ചിട്ടുണ്ട്<br>ഉചിത ഭാഷ | 2<br>2<br>1<br>1 | 6 |
| 16 | ഉദ്ധരണികൾ വിശകലനം ചെയ്തിട്ടുണ്ട്<br>പാഠാശയം ഉൾക്കൊണ്ടിട്ടുണ്ട്<br>നിരീക്ഷണം<br>ഉചിത ഭാഷ ,ഘടന | 2<br>2<br>1<br>1 | 6 |
| 17 | പാഠാശയം ഉൾക്കൊണ്ടിട്ടുണ്ട്<br>ആശയം വിശകലനം ചെയ്തിട്ടുണ്ട്<br>ഡോക്ടറുടെ സ്വഭാവ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്<br>ഉചിത ഭാഷ | 1<br>2<br>2<br>1 | 6 |